"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - എച്ച്.എസ്.ഇ - എയ്ഡഡ്- ഇടുക്കി ജില്ലയിലെ മരിയാപുരം സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ **2014-15** അധ്യയന വർഷം ആരംഭിച്ച സയൻസ് ബാച്ചിൽ **2 HSST(Jr)(Botany, Zoology), 3 HSST(Mathematics,Physics,Chemistry)**എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, നിലവിലുള്ള **HSST(Jr)**ഇംഗ്ലീഷ് തസ്തിക അപ്ഗ്രേഡ് ചെയ്തു കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എൽ)വകുപ്പ്

സ.ഉ.(കൈ) നം.**61/2025/GEDN** തീയതി,തിരുവനന്തപുരം, **10-04-2025**

പരാമർശം:- 1. സ.ഉ(കൈ)നം. **285/2014**/പൊവിവ തീയതി **31-12-2014**

2. സ.ഉ(കൈ)നം.**41/2021**/പൊവിവ തീയതി **25.01.2021**

3. കോർപ്പറേറ്റ് മാനേജറുടെ **24-04-2023** തീയതിയിലെ അപേക്ഷ

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ(എച്ച്.എസ്.ഇ വിഭാഗം) **7-09-2023** ലെ **AcdC3/6644/2023/DGE/HSE** നമ്പർ കത്തും **17-03-2025** ലെ എസിഡി.സി3/**6644/2024**/എച്ച്.എസ്.ഇ നമ്പർ കത്തും

ഉത്തരവ്

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള മരിയാപുരം സെന്റ്.മേരീസ് ഹൈസ്കൂൾ പരാമർശം **(1)**സർക്കാർ ഉത്തരവ് പ്രകാരം **2014-15** അധ്യയന വർഷം ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തി. **2014 -15** വർഷം സയൻസ് ബാച്ചും, **2015-16** വർഷം കോമേഴ്സ് ബാച്ചും സ്കൂളിൽ അനുവദിക്കുകയുണ്ടായി. **2014-15** അധ്യയന വർഷം ആരംഭിച്ച സയൻസ് ബാച്ചുകൂടി പരിഗണിച്ച് പ്രിൻസിപ്പൽ തസ്തികയും ഭാഷാധ്യാപക തസ്തികകളും ലാബ് അസിസ്റ്റന്റ് തസ്തികകളും സൃഷ്ടിച്ച് പരാമർശം **(2)** പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ആദ്യ വർഷങ്ങളിലെ കുട്ടികളുടെ എണ്ണത്തിലെ

കുറവ് മൂലം സയൻസ് ബാച്ചിലെ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. 2018-19 അധ്യയന വർഷം മുതൽ തുടർച്ചയായ 5 അധ്യയന വർഷങ്ങളിലും സയൻസ് ബാച്ചിൽ 50 കുട്ടികളിൽ കുറയാതെയുണ്ടെന്നും, നാളിതുവരെ സ്കൂളിൽ തസ്തികനിർണ്ണയം നടന്നിട്ടില്ലാത്തതിനാലും സയൻസ് ബാച്ചിലെ തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം കോർപ്പറേറ്റ് മാനേജർ അപേക്ഷിക്കുകയുണ്ടായി.

2) 2014-15, 2015-16 വർഷത്തിൽ അനുവദിച്ചിട്ടുള്ള ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള/അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള 16/12/2019ലെ 610/റ്റി2/2019/പൊ.വി.വ കത്തിലെ മാനദണ്ഡ പ്രകാരം തുടർച്ചയായ 3 വർഷം മതിയായ എണ്ണം കുട്ടികൾ ഉള്ള കോഴ്സുകളാണ് (പ്ളസ് വണ്ണിലും പ്ലസ് ടു വിലും 50 കുട്ടികൾ വീതം) തസ്തിക നിർണയത്തിന് പരിഗണിക്കുന്നത്. ഇടുക്കി മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ 2014-15 ൽ അനുവദിച്ച സയൻസ് ബാച്ചിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനു ആവശ്യമായ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുണ്ടെന്നും, ആയതിനാൽ മാനേജർ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള തസ്തികകൾ സയൻസ് ബാച്ചിൽ സൃഷ്ടിക്കുന്നതിനും/അപ്ഗ്രേഡ് ചെയ്യുന്നതിനും പരാമർശം(4)പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ(എച്ച്.എസ്.ഇ വിഭാഗം) ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ 3 അധ്യയന വർഷങ്ങളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ കുട്ടികൾ ലഭ്യമാണെന്ന വസ്തുത പരിഗണിച്ചും, ഇടുക്കി നിയോജക മണ്ഡലത്തിലെ ജില്ലാ ആസ്ഥാനത്തോട് ചേർന്നു പ്രവർത്തിക്കുന്നതും, സാമൂഹികമായും, സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്നതുമായ വിദ്യാലയമായതിനാലും ഇടുക്കി മരിയാപുരം സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ 2014-15 അധ്യയന വർഷം ആരംഭിച്ച സയൻസ് ബാച്ചിൽ ചുവടെ ചേർക്കും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും/അപ്ഗ്രേഡ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

Name of Post	No of Posts created	Subjects
HSST(Jr)	2	Botany- 1 Zoology- 1
HSST	3	Mathematics - 1 Physics - 1 Chemistry - 1
Up gradation	1	English(Jr)
	Total -6	

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, എച്ച്.എസ്.ഇ വിഭാഗം, തിരുവനന്തപുരം
മേഖലാ ഉപ മേധാവി, എച്ച്.എസ്.ഇ, കോട്ടയം
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി, ഇടുക്കി
രൂപത, ബിഷപ്പ്സ് ഹൗസ്, കരിമ്പൻ, മണിപ്പാറ പി.ഒ
പ്രിൻസിപ്പാൾ, സെന്റ്.മേരീസ് ഹയർ സെക്കന്ററി സ്കൂൾ, മരിയാപുരം, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04/12/2023 തീയതിയിലെ EDN-B1/446/2023-FIN(E 2562891 നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 2836 തിയതി 09-04-2025)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 11-04-2025 10:59:50

സെക്ഷൻ ഓഫീസർ